# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെണ്മണി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-5/840/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെണ്മണി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-5/840/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 08-09-2021 |
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 17-09-2021 | 25-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-08-2021 | 08-09-2021 |
| 17-09-2021 | 25-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ,ഓഡിറ്റ് ഓഫീസർ -31-08-2021 - 8-09-2021
ശ്രീമതി.മായാദേവി.സി.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(18-09-2021 - 25-09-2021
ശ്രീമതി.സിന്ധ്യ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ 31-08-2021 - 8-09-2021 &17-09-2021 - 25-09-2021
ശ്രീമതി.സുഷ.റ്റി.പിള്ള,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ -31-08-2021 - 8-09-2021 & 17-09-2021 - 25-09-2021
ശ്രീ .മനേഷ് കുമാർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ-31-08-2021 -8-09-2021 & 17-09-2021 -25-09-2021

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ലെജുകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വൈ.നിസാർ | സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീമതി. ഗംഗാലക്ഷ്മി | സെക്രട്ടറി | 13-07-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽകുമാർ.പി.കെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.രാജി.ആർ | എം.ഒ ആയുർവേദം | 01-04-2019 | 14-03-2020 |
| ഡോ.രാജി.ആർ | എം.ഒ ആയുർവേദം | 15-03-2020 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.അനുജ | എം.ഒ.പി.എച്ച്.സി | 01-04-2019 | 30-04-2019 |
| ഡോ.രാകേഷ് | എം.ഒ.പി.എച്ച്.സി | 01-05-2019 | 06-11-2019 |
| ഡോ.അനുജ | എം.ഒ.പി.എച്ച്.സി | 07-11-2019 | 04-01-2020 |
| ഡോ.അനു അശോകൻ | എം.ഒ.പി.എച്ച്.സി | 05-01-2020 | 31-03-2020 |
| ശ്രീ. അനിൽകുമാർ കെ.പി | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അഞ്ജു.ആർ.പി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2019 | 30-01-2020 |
| ശ്രീമതി. മിനിമോൾ.എം.എസ്സ് | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-02-2020 | 31-03-2020 |
| ശ്രീ.പ്രവീൺ റ്റി.ഡി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.റജിമോൾ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-09-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ പരിശോധന<br>Written By: Maneshkumar G (Senior Grade Auditor, On 27-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-2(1) |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-09-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-09-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-09-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-09-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-10 |
| 12 | വാടക തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-11 |
| 13 | ലൈസൻസ് ഫീ ഈടാക്കുന്നതിലെ കുറവ്<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-12 |
| 14 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം -പാതി വഴിയിൽ<br>Written By: Mini.P.Radhakrishnan (Audit Officer, On 27-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-13 |
| 15 | പൊതുമരാമത്ത് വർക്കുകളിൽ നിന്ന് ഈടാക്കുന്ന ഫൈൻ തനതുഫണ്ടിൽ ഒടുക്കുന്നില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-14 |
| 16 | റിടെൻഷൻ തുകകൾ പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതു ഫണ്ടിൽ സൂക്ഷിക്കുന്നില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-15 |
| 17 | 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികൾ- ക്വട്ടേഷൻ മുഖേന നടത്തി<br>Written By: Mini.P.Radhakrishnan (Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-16 |
| 18 | അനുപൂരക പോഷകാഹാരം -സ്റ്റോക്കിലും വിതരണത്തിലും വ്യത്യാസം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-17 |
| 19 | കന്നു കുട്ടിപരിപാലനം , പദ്ധതിയുടെ പുരോഗതി അറിയിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 24-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-18 |
| 20 | ഓണം അഡ്വാൻസ് തിരികെ അടച്ചില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-19 |
| 21 | GEM വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-20 |
| 22 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-09-2021) | 1-21 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | |
| 23 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-22 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-23 |
| 25 | ലൈഫ് പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-24 |
| 26 | 2019-20സാമ്പത്തികവർഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 16-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 27-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 20-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 28-02-2019 ലെ കമ്മറ്റി തീരുമാനം നം. 1പ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 119765700 | 128946596 |
| വാർഷിക കണക്ക് പ്രകാരം | 47349073 | 49415832 |

### 1-2 വാർഷികധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31.7.2020 | 06.7.2020 |

### 1-2(1) വാർഷിക ധനകാര്യപത്രികയുടെ പരിശോധന

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ-I പ്രകാരം വസ്തുനികുതി(റസിഡൻഷ്യൽ) ഡിമാന്റ് പ്രകാരമുള്ള ആകെ തുക- 2314943/- രൂപയും ആർ.പി.-43 പ്രകാരം വസ്തു നികുതി ഇനത്തിൽ ലഭിച്ച തുക1954917/-രൂപയുമാണ്.എന്നാൽ ബി-15 പ്രകാരം ബാലൻസ് തുക 361046 രൂപയായാണ് അക്കൌണ്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാലൻസ് തുകയിൽ 1020 രൂപ അധികമായി ലഭിക്കാനുണ്ടെന്ന് അക്കൌണ്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

2.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ-I പ്രകാരം വസ്തു നികുതി (നോൺ റസിഡൻഷ്യൽ)ഇനത്തിലെ ഡിമാന്റ് തുക - 675201രൂപയും ആർ.പി.-43 പ്രകാരം ലഭിച്ച തുക 489214രൂപയുമാണ്. എന്നാൽ ബി-15 പ്രകാരം ബാലൻസ് ഇനത്തിൽ ലഭിക്കാനുള്ള നികുതി തുകയിൽ 65071 രൂപ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

3) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ ആകെ തുക ബി-7 ഷെഡ്യൂൾ പ്രകാരം 255166/- രൂപയാണ്. എന്നാൽ ഇതിനാധാരമായ കണക്കുകൾ സൂക്ഷിക്കുന്ന രജിസ്റ്ററിൽ തുകകളുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ആകയാൽ ടി തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

4)ലോൺ രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

5) വാർഷിക കണക്ക് ബി-4ഷെഡ്യൂൾ പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ തനതു ഫണ്ടിലെ നീക്കിയിരിപ്പ് 4782408/- രൂപയാണ് .എന്നാൽ ബി-17ഷെഡ്യൂൾ , പാസ്സ് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 478208/- രൂപയും .വ്യത്യാസം 4304200/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

6) തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഗ്രാന്റുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

7)തൻവർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള വരവ് 4084000/- രൂപയും ചെലവ് 4606127 /-രൂപയുമാണ്. നീക്കിയിരിപ്പ് (-) 522127/- രൂപ. തൻ വർഷം ലഭിച്ച എല്ലാ അലോട്ട്മെന്റുകളും എ.സി.ആർ -ൽ (സാംഖ്യ വെബ്) ഉൾപ്പെടുത്താത്തതിനാൽ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസായാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കപ്പെടുന്നത് .

മേൽ പരാമർശിച്ച പ്രകാരമുള്ള വസ്തുകകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4680141 |
| വരവ് | 47349073 |
| ആകെ | 52029214 |
| ചെലവ് | 49415832 |
| നീക്കിയിരിപ്പ് | 2613382 |

### 1-4 ഗ്രാന്റ് വിനിയോഗം

**( 2019-20 എ.സി.ആർ പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7499448 | 7499448 | 7499448 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6394434 | 6394434 | 6394434 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5585511 | 5585511 | 5585511 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2355188 | 2355188 | 2355188 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4606127 | 4606127 | 4606127 | 0 |

## 1-5 പദ്ധതി അവലോകനം

2019-20 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 216 | 92416051 | 97 | 33444670 | 16 | 103 | 44.90% |

## 1-6 തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1532 | 1348061 | 1349593 | 1210839 | 138754 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 21335000 | 21335000 | 21335000 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14520 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 1675200 | 278 |
| വിധവാപെൻഷൻ | 4782000 | 848 |
| വാർദ്ധക്യകാലപെൻഷൻ | 10899300 | 2124 |
| വികലാംഗപെൻഷൻ | 1604700 | 281 |
| അവിവാഹിത പെൻഷൻ | 258000 | 48 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരം സ്ഥാപനത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 18-09-2021 ,4.00 P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4206/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-07-2021 | 1/21.3.2021 | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-03-2016 | 2013-14 | 31/03/2016 |

1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനുമുള്ള ചുമതലകൾ നിക്ഷിപ്തമായിട്ടുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കാര്യമായ മേൽനോട്ടം നടത്തുന്നില്ല. ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, ടെന്റർ ഫോം സ്റ്റോക്ക്-വിതരണ രജിസ്റ്ററുകൾ, വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ രജിസ്റ്ററിൽ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. . ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് ശരിയായിനടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി തയ്യാറാക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്

1-11 വാടക തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല.

വാടക സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തെ കുടിശ്ശിക 15320/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**വെൺമണി ഷോപ്പിങ്ങ് കോംപ്ലക്സ്**

| ക്രമ നമ്പർ | റൂംനമ്പർ | വാടകക്കാരന്റെ പേര് | വാടക നിരക്ക് | ആകെ കുടിശ്ശിക |
|---|---|---|---|---|
| 1 | III | നെൽസൺജോയി തെങ്ങിലേത്ത് വെൺമണി | 1235 | 14820 |
| 2 | IV | രതീഷ്.വി.എസ് വല്ല്യതറയിൽ വെൺമണി | 993 | 496 |

വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിഴ സഹിതം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.വാടകക്കുടിശ്ശിക ഈടാക്കാൻ
നടപടി സ്വീകരിക്കേണ്ടതാണ്.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ,പഞ്ചായത്തിന്റെ അധീനതയിൽ എത്ര ഷോപ്പിങ്ങ് കോംപ്ലക്സുകൾ ഉണ്ടെന്നും ആകെ കടമുറികളുടെ എണ്ണവും ലഭ്യമല്ല. മേൽ സാഹചര്യത്തിൽ ലേലം നടക്കാതെ പോയ കടമുറികളുടെ എണ്ണത്തെ സംബന്ധിക്കുന്ന വിവരം പരിശോധിച്ച് നിജപ്പെടുത്തുവാൻ സാധിക്കുന്നില്ല. രജിസ്റ്റർ കാലികമാക്കി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

**2)കെട്ടിടങ്ങൾ വാടകയ്ക് നൽകുമ്പോൾ കരാർ ചമയ്കുന്നില്ല**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. വാടകക്കാരുമായി വാടക സംബന്ധിച്ച് കരാർ ചമയ്കാത്ത കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ട വിരുദ്ധമാണ്. മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ വ്യവസ്ഥകൾ വ്യക്തമാക്കി കൃത്യതയുള്ള കരാർ ചമയ്ക്കാതിരിക്കുന്നതു മൂലം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ അനധികൃതമായി വാടകക്കാർ കൈവശം വയ്ക്കാനുള്ള സാഹചര്യമാണ് സംജാതമാകുന്നത്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 ലൈസൻസ് ഫീ ഈടാക്കുന്നതിലെ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017 -ലെ G.O.(P) No.80/2017/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം 01.11.2017 പ്രാബല്യത്തിൽ പുതുക്കിയ ചട്ടം "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" എന്ന പേരിൽ നിലവിൽ വന്നു. ഇതനുസരിച്ച് 01.11.2017 മുതൽ നൽകുന്ന ലൈസൻസ് ഭേദഗതി ചെയ്ത ചട്ടപ്രകാരം ആയിരിക്കേണ്ടതാണ്. ആയതുപ്രകാരം വ്യാപാര/ സംരംഭ/സേവന പ്രവർത്തന സ്ഥാപനങ്ങളെ അവയ്ക്കായുള്ള മൂലധന നിക്ഷേപം കണക്കിലെടുത്ത് തരംതിരിച്ച് ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളുടെ (25 ലക്ഷത്തിൽ കവിയാത്ത മൂലധനനിക്ഷേപം വരുന്ന സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങൾ എന്ന നിലയിൽ കണക്കാക്കി 500/- രൂപയിൽ കവിയാത്ത തുക ലൈസൻസ് ഫീസ് ഈടാക്കാനാണ് നിർദ്ദേശിക്കുന്നത്. 2019--20 വർഷം 147 വ്യാപാര സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വ്യാപാര ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മേൽചട്ട നിബന്ധന പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കിയത് എന്നു കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ ഉടമയുടെ പേര് | വാർഡ്/ കെട്ടിട | കച്ചവടം/ വ്യവസായം | ഈടാക്കിയ ലൈസൻസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|

| | | നം. | | ഫീ | | |
|---|---|---|---|---|---|---|
| 1 | ഗോപിനാഥൻ പിള്ള അവിട്ടം ഹൌസ്, പുന്തല .പി.ഒ | | ബേക്കറി | 200 | 500 | 300 |
| 2 | അജിത്.കെ.നായർ നെടുംതറയിൽ വെൺമണി | | ബേക്കറി | 100 | 500 | 400 |
| 3 | എൻ.ആർ.ശ്രീധരൻ ചക്കാലിൽ പുന്തല | | റബ്ബർ ഷീറ്റ് വിൽപന | 200 | 500 | 300 |
| 4 | രാഘവൻ നായർ കല്ലേലിൽ പുന്തല | | സ്റ്റേഷനറി | 100 | 500 | 400 |
| 5 | സന്തോഷ് കുമാർ.ബി ലക്ഷ്മി വിലാസം പുന്തല | | സ്റ്റേഷനറി | 100 | 500 | 400 |
| 6 | ഓമനക്കുട്ടൻ നായർ കല്ലേലിൽ അഞ്ജനാലയം പുന്തല | | സ്റ്റേഷനറി | 200 | 500 | 300 |

“1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ” എന്ന പേരിൽ ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ചുള്ള ആധികാരിക സ്ഥിരീകരണം ഉണ്ടാകുന്നില്ല. തുടർ വർഷങ്ങളിൽ ടി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള ശ്രദ്ധ ഉണ്ടാകേണ്ടതും മേൽ അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം -പാതി വഴിയിൽ

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം (പ്രോജക്ട് നം. 255/19 )എന്ന പ്രവർത്തി കെ.എൻ.പ്രസന്നകുമാർ എന്ന കരാറുകാരൻ എഗ്രിമെന്റ് വെച്ച് വർക്ക് ഏറ്റെടുത്തിട്ടുണ്ട്(എ/42/AE/LSGD/VMY/19-20 Dated 07-02-2020). PAC 450000 ഇതുമായി ബന്ധപ്പെട്ട ഫയൽ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ,സൈറ്റ് കൈമാറി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ വർക്ക് ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. പണി ആരംഭിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം.19 തീയതി 25-09-2021) മറുപടിയിൽ,വെൺമണി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പോലീസ് സ്റ്റേഷനു സമീപമുള്ള സ്ഥലമാണ് ഇതിനായി കണ്ടുവെച്ചിരുന്നതെന്നും, കോവിഡ് നിയന്ത്രണങ്ങൾ കാരണം വർക്ക് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഉടർന്നുവന്ന ഭരണസമിതി നിർദ്ദേശമനുസരിച്ച് പാറചന്തയ്ക്ക് സമീപമുള്ള സെന്റ് തോമസ് കോളേജിന് സമീപമുള്ള സ്ഥലത്തേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മതിയായ കാരണങ്ങളില്ലാതെ വർക്ക് നീണ്ടുപോകുന്നത് അധികചെലവിനിടയാക്കുമെന്നതിനാൽ എത്രയും വേഗം നിലവിലുള്ള എസ്റ്റിമേറ്റിൽ അധികരിക്കാതെ വർക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പൊതുമരാമത്ത് വർക്കുകളിൽ നിന്ന് ഈടാക്കുന്ന ഫൈൻ തനതുഫണ്ടിൽ ഒടുക്കുന്നില്ല.

30-10-2017 ലെ സർക്കുലർ നം.59827/എഫ്.എം/2007 പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുമ്പോൾ, കരാറുകാരിൽ നിന്നും ഈടാക്കുന്ന ഫൈൻ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ വർക്ക് ഫയലുകൾ പരിശോധിച്ചതിൽ , പ്രവർത്തിയുടെ ആകെ മൂല്യത്തിൽ നിന്നും ഫൈൻ കുറവ് ചെയ്തശേഷം അറ്റതുകമാത്രമാണ് ബിൽ പ്രകാരം പിൻവലിക്കുന്നത്. തന്മൂലം പിഴ ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കുന്ന തുക അതാത് ഫണ്ടിൽത്തന്നെ ശേഷിക്കുകയും , സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തിരിച്ചെടുക്കാൻ കഴിയാത്ത വിധത്തിൽ ടി തുക നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഉദാഹരണത്തിന് റി ടാറിംഗ് ഓഫ് പാറചന്ത ഐ.എച്ച്.ഡി.പി കോളനി റോഡ് എന്ന പ്രോജക്ട് പ്രകാരം 31,461/- രൂപ ഫൈൻ ഇനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീ22-09-2021) ലഭ്യമാക്കിയ മറുപടിയിൽ വരുന്ന സാമ്പത്തിക വർഷങ്ങളിൽ പിഴ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തനത് വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം മേലിൽ ഒഴിവാക്കേണ്ടതാണ്.

## 1-15 റിടെൻഷൻ തുകകൾ പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതു ഫണ്ടിൽ സൂക്ഷിക്കുന്നില്ല.

28-09-2015 ലെ ജി.ഒ.പി നം. 429/2015/ഫിൻ പ്രകാരം, പൊതുമരാമത്ത് വർക്കുകളിൽ പാർട്ട് ബില്ലുകൾ നൽകുമ്പോൾ അവർ ചെയ്ത പ്രവർത്തിയുടെ 2.5% വരുന്ന തുക റിടെൻഷൻ തുകയായി പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതുഫണ്ടിൽ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. . എന്നാൽ തൻവർഷത്തെ വർക്ക് ഫയലുകൾ പരിശോധിച്ചതിൽ, റിടെൻഷൻ ഇനത്തിൽ കരാറുകാരിൽ നിന്നും പിടിക്കുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കുന്നില്ലായെന്ന് കണ്ടെത്തി. ആകെ മൂല്യത്തിൽ നിന്നും റിടെൻഷൻ തുക കുറവ് ചെയ്തശേഷമുള്ള തുകയ്ക്കാണ് നിർവ്വഹണ

ഉദ്യോഗസ്ഥൻ റിക്വസിഷൻ നൽകുന്നതുമൂലം ഈ തുകകൾ അതാത് ഫണ്ടിൽതന്നെ നിലനിൽക്കുന്ന സാഹചര്യമാണുള്ളത്.കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുമ്പോൾ റിടെൻഷൻ തുകയിൽ നിന്നും നഷ്ടം ഈടാക്കാൻ തൻമൂലം സ്ഥാപനത്തിന് കഴിയാതെ വരുന്നു.

നടപടിക്രമങ്ങളിലെ മേൽ അപാകത സംബന്ധിച്ച് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം.8 തീയതി22-09-2021 ) മറുപടിയിൽ,മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.റിടെൻഷൻ തുകകൾ തനത് ഫണ്ടിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കണമെന്ന ഗവ.നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-16 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികൾ- ക്വട്ടേഷൻ മുഖേന നടത്തി

2019--20 വർഷം 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഏതാനും ചില പ്രവത്തികൾ ഇ -ടെന്റർ നടത്താതെ ക്വട്ടേഷൻ പ്രകാരമാണ് നടപ്പാക്കിയത്.17.11.2015 ലെ ജി ഒ (പി) 524/15/ധനം. നമ്പർ ഉത്തരവ് പ്രകാരം തുക 5 ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ – ടെന്റർ മുഖേന നടത്തണം എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിന് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കിയത് ടെന്റർ നടപടികളിൽ സുതാര്യതയില്ലാതാക്കുന്നതിനും ടെന്റർ ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിനും ഇടയാക്കി . ഇപ്രകാരം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്,പ്രോജക്ട് നം. | അടങ്കൽ |
|---|---|---|
| 1 | പൂവണ്ണാൽ പടി കളത്തിൽ തെക്കെതിൽ പടി റോഡ് റീടാറിംഗ്,24/19-20 | 650000 |
| 2 | ചെന്നാട്ടുപടി തോപ്പിൽ താഴെ റോഡ് റി ടാറിംഗ്,42/19-20 | 650000 |
| 3 | തട്ടുപുരയ്ക്കൽ കോളനി നടപ്പാത സൈഡ് കെട്ട് &ഫില്ലിംഗ്,49/19-20 | 600000 |
| 4 | കുറ്റിമുക്ക് കോട്ടവാതുക്കൽ പടി റോഡ് റീ ടാറിംഗ്,52/19-20 | 640000 |
| 5 | ഹോമിയോ ആശുപത്രി അധിക സൗകര്യം ഒരുക്കൽ ,145/19-20 | 500000 |
| 6 | ദുരിതാശ്വാസ ക്യാംപായി പ്രവർത്തിച്ച് പൊതു സ്ഥലങ്ങളിൽ കുളിമുറിയും കക്കൂസും ,155/19-20 | 726990 |

മേൽ പ്രവൃത്തികൾക്കായി 3 പ്രാവശ്യം ഇ ടെന്റർ നടത്തിയെങ്കിലും കരാറുകാർ ടെന്ററിൽ പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി ചെയ്യുകയായിരുന്നു എന്നാണ് ഉദ്യോഗസ്ഥർ വാക്കാൽ അറിയിച്ചത്. (അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല.) . എന്നാൽ ടെന്ററിൽ പങ്കെടുക്കാൻ താല്പര്യപ്പെടാതിരുന്ന കരാറുകാർ ക്വട്ടേഷനിൽ പങ്കെടുത്ത് പ്രവൃത്തി നടത്തിയതെങ്ങനെ എന്ന് വ്യക്തമല്ല. ടെന്റർ നടപടികൾ സുതാര്യമാക്കുന്നതിലേക്ക് അധികൃതർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-17 അനുപൂരക പോഷകാഹാരം -സ്റ്റോക്കിലും വിതരണത്തിലും വ്യത്യാസം

പ്രോജക്ട്നം / പേര് - 77 / അനുപൂരക പോഷകാഹാര പരിപാടി
അടങ്കൽ . 1200000 (വിഫ .ജനറൽ)
400000 (കേന്ദ്ര ഫണ്ട്)
500000 (ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ് . 1182913 (വിഫ .ജനറൽ)
6045 (ജില്ലാ പഞ്ചായത്ത് വിഹിതം)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അനുപൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിയ്ക്കായി 2018-19 ൽ വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ വില 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നല്കിയത് . ബിൽ നം .09/19-20/23.11.19 പ്രകാരം പിൻവലിച്ച 144004/- രൂപയിൽ 64569.75/- രൂപ അമൃതം ഫുഡ് സപ്ലിമെന്റ് വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട് .

അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിന്റെ ബിൽ നം. 865/29.09.2018 പ്രകാരം 878.500കിലോഗ്രം അമൃതം പൊടി 73.50/-രൂപ നിരക്കിൽ അങ്കണവാടികളിലേക്കായി വാങ്ങി . ഇത് സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് 125 ൽ ചേർത്തിട്ടുണ്ട് . ബിൽ പ്രകാരംം 878.500കിലോഗ്രം ആണ് വാങ്ങിയിട്ടുള്ളതെങ്കിലും അങ്കണവാടി വർക്കർമാരുടെ കൈപ്പറ്റ് പ്രകാരം അവർക്ക് ലഭിച്ചത് 864.500കിലോഗ്രാം മാത്രമാണ് . വ്യത്യാസം 14 കിലോഗ്രാം

സ്റ്റോക്കിലും വിതരണത്തിലും ഉള്ള വ്യത്യാസത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.6/19-20/06.09.21 ന് , 878.500കിലോഗ്രം അമൃതം പൊടിയ്ക്കാണ് ഇന്റന്റ് കൊടുത്തതെങ്കിലും 153 നമ്പർ അങ്കണവാടിയ്ക്ക് 49 കിലോ അമൃതം പൊടിയ്ക്ക് പകരം 35കിലോ മാത്രമേ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റുകാർ നല്കിയുള്ളുവെന്നും എന്നാൽ മുഴുവൻ തുക്കത്തിനുമുള്ള തുക ഈടാക്കിയെന്നും 14 കിലോയ്ക്ക് അധികമായി ഈടാക്കിയ തുക അവർ തിരിച്ചു നല്കാമെന്ന് അറിയിച്ചിട്ടുള്ളതായും മറുപടി നല്കി.

ഓഡിറ്റ് അന്വേഷണം നല്കിയതിന്റെ അടിസ്ഥാനത്തിൽ 14 കിലോയ്ക്ക് അധികമായി അനവദിച്ച 1029/- രൂപ ( 14 * 73.50) രസീത് നമ്പർ 121020101418/ 24.09.2021 പ്രകാരം തനതു ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കി . ഈ തുക പഞ്ചായത്ത് മുഖേന കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ് .

## 1-18 കന്നു കുട്ടിപരിപാലനം , പദ്ധതിയുടെ പുരോഗതി അറിയിച്ചിട്ടില്ല

പ്രോജക്റ്റ് നം/പേര്. 80/19-20 ,കന്നു കുട്ടിപരിപാലനം

അടങ്കൽ 400000 (വി.ഫ.ജനറൽ)

400000(ഗുണ .വിഹിതം)

ചെലവ് 400000(വി.ഫ.ജനറൽ)

ബിൽ നം .8/19-20/4.10.19

32 ഗുണഭോക്താക്കൾക്ക് 12500/- വീതം ആകെ 400000/-രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർക്ക് കന്നു കുട്ടി പരിപാലന പദ്ധതി നടത്തുന്നതിലേക്കായി നല്കിയിട്ടുണ്ട് .എന്നാൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല . പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 2/19-20/01.09.21ന് മറുപടിയും ലഭ്യമാക്കിയിട്ടില്ല . പദ്ധതിയുടെ പുരോഗതി , പൂർത്തീകരണ വിവരം എന്നിവ അറിയിക്കേണ്ടതാണ് . വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-19 ഓണം അഡ്വാൻസ് തിരികെ അടച്ചില്ല

തൻ വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ . ഷാജി , അക്കൗണ്ടന്റ് , ശ്രീ .മനോജ് ബാബു ,സീനിയർ ക്ലർക്ക് എന്നിവർക്ക് ഓണം അഡ്വാൻസ് ഇനത്തിൽ അനവദിച്ച 15,000/- രൂപയിൽ (ചെക്ക് നം.550429/31.08.19) 3000/- രൂപ വീതം ഇരുവരും തിരികെ അടച്ചിട്ടില്ല .

തുക തിരികെ ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 14/19-20/23.09.21 ന് മറുപടി ലഭിച്ചിട്ടില്ല . തുക തിരികെ ഈടാക്കി തനതു ഫണ്ടിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 GEM വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .

വിവിധ നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GEM വഴി സാധനങ്ങൾ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല . സ.ഉ ( പി ) നം 07/19/SDP/ 26-04-19 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ വാങ്ങലുകൾക്ക് GEM നിർബന്ധമാക്കിയിട്ടുണ്ട് . ആഹാര പദാർത്ഥങ്ങൾ , ലബോറട്ടറി മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ എന്നിവ GEM മുഖേന വാങ്ങുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് . സ . ഉ . ( പി ) നം . 07/19/എസ്. ഡി . പി . /26.04.2019 പ്രകാരം സ്റ്റേഷനറി വകുപ്പ് , ഫയർ ആന്റ് റെസ്ക്യൂ സർവീസസ് , കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി മുതലായ സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട് . വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കി വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം

അതി ജീവനക്ഷമതയുള്ള ഒരു കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം മുൻ നിർത്തി ബഹു.സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത ഒരു ജനകീയ ക്യാമ്പയിൻ ആണ് നമ്മൾ നമുക്കായി എന്നത് . 2018-ലെ മഹാ പ്രളയത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ട് പ്രാദേശികമായി ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളും , ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജന പങ്കാളിത്തത്തോടെ നടത്തുവാൻ ഈ ക്യാമ്പയിൻ ജനങ്ങളെ പ്രാപ്തരാക്കുന്നു . തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2018 ലെ പ്രളയം അതി രൂക്ഷമായി ബാധിച്ച പഞ്ചായത്തുകളിൽ ഒന്നാണ് വെണ്മണി ഗ്രാമ പഞ്ചായത്ത് . ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമാണ് . പ്രകൃതി ദുരന്തങ്ങൾ നേരിടേണ്ട സാഹചര്യങ്ങളിൽ ഈ കുടുംബങ്ങൾക്ക് അടിയന്തിര സഹായം ലഭ്യമാക്കേണ്ടതുണ്ട് .

കിലയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനായി 11.02.2020ൽ പഞ്ചായത്തിൽ ഒരു മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു . എന്നാൽ ഇതിന് തുടർ നടപടികൾ ഒന്നും ഉണ്ടായില്ല

ദുരന്ത പ്രതിരോധ / നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പഞ്ചായത്തിലെ ഭരണ സമിതി , പുറത്തു നിന്നും ക്ഷണിക്കാവുന്നവർ , പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ , മുന്നറിയിപ്പ് ടീം , ഷെൽട്ടർ മാനേജ്മെന്റ് ടീം ,പ്രഥമ ശുശ്രൂഷ /ബേസിക് ലൈഫ് സപ്പോർട്ട് ടീം ,സന്നദ്ധ പ്രവർത്തനങ്ങൾക്കായി 15 വാർഡുകളിലെയും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെയും ഉൾപ്പെടുത്തി അടിയന്തിര ഘട്ടങ്ങളിൽ പ്രവർത്തന സജ്ജരായ ദ്രുത കർമ്മ സേന രൂപീകരിക്കേണ്ടതാണ് . വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് .എന്നാൽ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിട്ടറിംഗ് ചെയ്യുന്നില്ല.പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ് . പദ്ധതി മാർഗ്ഗരേഖ സ . ഉ . ( കൈ ) നം . 11/2018/ത . സ്വ . ഭ . വ ./29-01-2018 പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതാണ് . വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരുദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണ് . എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല . വിശദീകരണം നല്കേണ്ടതാണ് .

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഡിജിറ്റലൈസ് ചെയ്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ടാർ റോഡുകളുടെയും, കോൺക്രീറ്റ് റോഡുകളുടേയും പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-24 ലൈഫ് പദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി . ഇ .ഒ . നൽകിയിട്ടുള്ള വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 ) ഗുണഭോക്താക്കളുടെ എണ്ണം

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2019-20 | 1 | 2 | 0 | 0 | 7 | 4 |

2 ) <u>ആകെ ചെലവഴിച്ച തുകയുടെ കണക്ക്</u>

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2019-20 | 320000 | 560000 | 400000 | - | - | 1280000 |

<u>3.ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം</u>

ലൈഫ് ഭവന പദ്ധതി പ്രകാരം തൻവർഷം കരാർവച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു .

| കരാർ വച്ച സാമ്പത്തിക വർഷം | ഗുണഭോക്താവിന്റെ വിശദാംശം | | |
|---|---|---|---|
| | പേര് | വാർഡ് | കൈപ്പറ്റിയ തുക |
| 2019-20 | രാജേഷ് കുമാർ കെ . , ലക്ഷം വീട് കോളനി ( എസ് . സി . ) | 11 | 40000 |

ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ഓഡിറ്റ് അന്വേഷണം നം 12/22-09-21 മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവ് രോഗബാധിതൻ ആയിരുന്നതിനാൽ ഭവന നിർമ്മാണം ആരംഭിച്ചിരുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട് . ടി ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിക്കാത്തതിനാൽ അഡ്വാൻസായി നല്കിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്..

<u>1-25 2019-20സാമ്പത്തികവർഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം</u>

| പെൻഷൻ ഇനം | ആകെ അപേക്ഷകരുടെ എണ്ണം | അനുവദിച്ചത് | നിരസിച്ചത് | നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| കർഷകത്തൊഴിലാളിപെൻഷൻ | 04 | 04 | 00 | 280 | 1675200 |
| വികലാംഗ പെൻഷൻ | 03 | 03 | 00 | 284 | 1604700 |
| വിധവാ പെൻഷൻ | 19 | 19 | 00 | 871 | 4782000 |
| വാർദ്ധക്യകല പെൻഷൻ | 162 | 138 | 24 | 2301 | 10899300 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത വനികൾക്കുള്ള പെൻഷൻ | 0 | 0 | -- | 49 | 258000 |

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## <u>ഭാഗം -4</u>

<u>4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പാലിന് ഇൻസെന്റീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 560000 | ലൈഫ് ഭവനനിർമ്മാണം(എസ്സ്.സി) | 560000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 458200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 458200 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | | 60645 | അനുപൂരക പോഷകാഹാര പരിപാടി | 60645 | 0 |
| ജില്ലാ പഞ്ചായത്ത് | | 1200000 | ലൈഫ് ഭൂമി വാങ്ങൽ | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് | | 33240 | സ്വാന്തന പരിചരണം | 33240 | 0 |
| ജില്ലാ പഞ്ചായത്ത് | | 350000 | എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | | 400000 | ലൈഫ് ഭവന നിർമ്മാണം(എസ്സ.സി) | 400000 | 0 |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾ നടത്തിയിട്ടില്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ ഇനത്തിൽ ഗുണഭോക്തൃസമിതികൾക്ക് തുക നല്കിയിട്ടില്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | | ഇല്ല | 5987701 | 242996 | | 5744705 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | ഭാഗം 3 ,ഖണ്ഡിക 3-6 | 2901 | ശ്രീ.രാധാകൃഷ്ണൻ അസിസ്റ്റന്റ് എഞ്ചിനിയർ | 119110103089/19.11.2019 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 2-3 | 2007-08 | 3-22-1 | എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ വിതരണം |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47349073 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :49415832 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. : |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 To 2005-06 | LFGA5-1832/11 തീയതി, 4/2/2012 |
| 2006-07 | LFAP5-281/11 തീയതി, 20/9/2011 & 30/09/11<br>LFAP5-1482/10 തീയതി, 20/6/11 & 2/7/2011 |
| 2007-08 | LFAP5-282/11 തീയതി, 20/9/11 & 30/09/11 |
| 2008-09 & 2009-10 | LFAP5-861/12 തീയതി, 9/10/12 & 14/12/12 |
| 2010-11 & 2011-12 | LFAP5-493/13 തീയതി, 21/8/13 & 12/11/13 |
| 2012-13 & 2013-14 | LFAP5-143/2015 തീയതി, 25/03/15 & 4/6/15 |
| 2014-15 | KSA-ALP-P5-824/16 തീയതി, 10/04/2017 |
| 2015-16 | KSA-ALP-P5-28/17 തീയതി, 12/1/2017 |
| 2016-17 | KSA-ALP/P5-1376/17 തീയതി, 15/11/2017 |
| 2017-18 | KSA-ALP/P5-144/2019 തീയതി, 07/02/2019 |
| 2018-19 | KSA-ALP/P5-815/2020 തീയതി, 05/02/2021. |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്